**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂൺ 25** / **June 25** | **2019** |

***1193 മിഥുനം 10 ചൊവ്വ***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657**

**അസാപ് പ്രവർത്തനങ്ങൾ മാതൃകാപരം : ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യത്തോടൊപ്പം ഏറ്റവും അനിവാര്യമായ ആശയവിനിമയശേഷികൂടി വളർത്തിയെടുക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അസാപിന്റെ നേതൃത്വ ത്തിൽ ജില്ലയിലെ വ്യവസായ മേഖലയുമായി സഹകരിച്ച് സംഘടിപ്പിച്ച ഇൻഡസ്ട്രീസ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. തൊഴിൽ നൈപുണ്യത്തോടൊപ്പം പ്രധാനമാണ് വിദ്യാർഥികളിലെ ആശയവിനിമയശേഷി പോഷിപ്പിക്കുകയെന്നത്. സംസാരിക്കുന്നതിലും, ഭാഷ ഉപയോഗിക്കുന്നതിലുമുള്ള കഴിവ് മാത്രമല്ല ഇതുകൊണ്ട് അർഥമാക്കുന്നത്. മറിച്ച് മറ്റുള്ളവരോട് മാന്യമായി പെരുമാറുകയും അവരെ തുല്യരായി കാണുകയും ചെയ്യാനുള്ള കഴിവാണ്. ജീവിതാനുഭവങ്ങളിൽ നിന്നേ നല്ല ആശയവിനിമയ ശേഷി ആർജിക്കാനാവൂയെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. വിദ്യാർഥികളുടെ നൈപുണ്യവികസന പദ്ധതിയായ അസാപിന്റെ പ്രവർത്തനം ജില്ലയിൽ കൂടുതൽ വിപുലമാക്കണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പി ബി നൂഹ് പറഞ്ഞു. പുതുതലമുറയെ മാറുന്ന കാലത്തിനനുസരിച്ച് നൂതന തൊഴിൽപരിശീലന മേഖലകളിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

നൈപുണ്യ വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഇന്റേൺഷിപ്പിന്റെ പുതിയ പോർട്ടൽ സംസ്ഥാന സർക്കാർ ആരംഭിച്ചുവെന്നും, ഇതിലൂടെ ഒരു വർഷത്തെ ഇന്റേൺഷിപ് ആണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ക്ലമന്റ് ലോപ്പസ് മുഖ്യപ്രഭാഷണം നടത്തി. സ്റ്റേറ്റ് ഇന്റേൺഷിപ് പോർട്ടലിൽ ജില്ലാ പഞ്ചായത്തിന്റെ കടമ എന്ന വിഷയത്തെക്കുറിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ് സൈമ വിശദീകരിച്ചു.

സംസ്ഥാന സർക്കാരിന്റെ ഇന്റേൺഷിപ് പോർട്ടൽ സംവിധാനത്തെക്കുറിച്ച് ജില്ലാ പ്രോഗ്രാം മാനേജർ പ്രദീപ് ജോർജ് ക്ലാസ് നയിച്ചു. ജില്ലയിലെ അസാപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അസാപ് പ്രോഗ്രാം മാനേജർ ജെ പാർവതി വിശദീകരിച്ചു. ജില്ലയിലെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയും യോഗത്തിൽ നടന്നു. ജില്ലാ അസിസ്റ്റന്റ് ഇൻഡസ്ട്രിയൽ ഓഫീസർ ഗോപകുമാർ, മുസലിയാർ കോളജ് ഓഫ് എൻജിനിയറിംഗ് ഇലക്ട്രോണിക്സ് വിഭാഗം മേധാവി ശരത് രാജ്, വിവിധ കോളുകളിലെ അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1517/19)

## സമകാലിക ജനപഥം, കേരള കാളിംഗ് : വരിക്കാരാകാം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന സമകാലിക ജനപഥം, കേരള കാളിംഗ് മാസികകൾക്ക് വരിക്കാരാകാം. വാർഷിക വരിസംഖ്യ ഒന്നിന് 120 രൂപയാണ്. താത്പര്യമുള്ളവർ ജില്ലാ ഇൻഫർമേഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0468 2222657. (പിഎൻപി 1518/19)

## സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

പ്രളയത്തിൽ വീട് പൂർണമായും തകർന്നവരുടെ വിവരങ്ങളും ഭവന പുനർ നിർമാണ പുരോഗതിയും സർക്കാർ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതിന് സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്. പുളിക്കീഴ്, ഇലന്തൂർ ബ്ലോക്ക് ആഫീസുകളിൽ രൂപീകരിച്ചിട്ടുള്ള സഹായകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പരമാവധി പത്ത് ദിവസത്തേക്കാണ് നിയോഗിക്കുന്നത്. പ്ലസ്ടു പാസായവരും, നെറ്റ് കണക്ഷനുള്ള സ്മാർട്ട് ഫോണും, ഇരുചക്ര വാഹനങ്ങളും ഉള്ളവർ ഇന്ന് (26) പകൽ രണ്ടിന് ജില്ലാ സ്റ്റേഡിയത്തിന് സമീപം പ്രവർത്തിക്കുന്ന ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ഓഫീസിനോട് ചേർന്നുള്ള ലൈഫ് മിഷൻ ഓഫീസിൽ തിരിച്ചറിയൽ രേഖകയും സർട്ടിഫിക്കറ്റുകളും സഹിതം എത്തണം. ഫീൽഡ് സർവേയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് യാത്രാബത്തയായി ദിവസം 400 രൂപയും വീടൊന്നിന് 25 രൂപയും നൽകും. ഫോൺ : 9447721863.

(പിഎൻപി 1519/19)

## പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പാ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത പെട്രോളിയം ഡീലർമാർക്ക് പെട്രോൾ/ ഡീസൽ വിൽപ്പനശാലകൾ വിപുലീകരിക്കുന്നതിന് സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ അപേക്ഷ ക്ഷണിച്ചു. പൊതുമേഖലയിലുള്ള പെട്രോളിയം കമ്പനിയുടെ ഡീലർ ആയിരിക്കണം. കുടുംബവാർഷിക വരുമാനം ആറ് ലക്ഷം രൂപയിൽ കവിയരുത്. പ്രായപരിധി 60 വയസ്. വായ്പയ്ക്ക് ആവശ്യമായ വസ്തുജാമ്യം ഹാജരാക്കണം. താത്പര്യമുള്ളവർ മേൽവിലാസം, ഫോൺ നമ്പർ, ജാതി, കുടുംബവാർഷിക വരുമാനം, വയസ്, വിദ്യാഭ്യാസ യോഗ്യത, ഡീലർഷിപ്പ് ലഭിച്ച തീയതി, ഡീലർഷിപ്പ് അഡ്രസ്, ബന്ധപ്പെട്ട പെട്രോളിയം കമ്പനിയുടെ പേര് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, ടൗൺ ഹാൾ റോഡ്,

തൃശൂർ-20 എന്ന വിലാസത്തിൽ ജൂലൈ 10നകം ലഭ്യമാക്കണം. കൂടുതൽ വിവരം കോർപ്പറേഷന്റെ പന്തളത്തുള്ള ജില്ലാ ഓഫീസിൽ ലഭിക്കും. ഫോൺ: 04734 253381.

(പിഎൻപി 1520/19)

**കെയർഹോം പദ്ധതി സഹായമായി;**
**വയലോരം വീട്ടിൽ ഇനി സുമതിയമ്മ സുരക്ഷിത**

സർക്കാർ ഞങ്ങൾക്ക് ദൈവതുല്യരാണെന്ന് സുമതിയമ്മ പറയും. കാരണം പ്രളയത്തിൽ കിടപ്പാടം പൂർണമായും നഷ്ടമായപ്പോൾ താങ്ങും തണലുമായത് സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പ് നടപ്പാക്കുന്ന കെയർഹോം പദ്ധതിയാണ്. സർവവും നഷ്ടമായി പ്രതീക്ഷകൾ അസ്തമിച്ചപ്പോൾ കൈതാങ്ങാകുകയായിരുന്നു കെയർഹോം. ചെന്നീർക്കര പഞ്ചായത്തിലെ ഒൻപതാം വാർഡിൽ അഴകത്ത് അടിമുറിയിൽ വീട്ടിൽ സുമതിയമ്മക്കാണ് സർക്കാരിന്റെ കെയർഹോം പദ്ധതിയിലൂടെ വീട് ലഭിച്ചത്. കെയർ ഹോം പദ്ധതിയിലൂടെ ലഭിച്ച 4.97 ലക്ഷം രൂപയും, മിച്ചം പിടിച്ച തുകയും ഉപയോഗിച്ചാണ് വീടിന്റെ നിർമാണം പൂർത്തിയാക്കിയത്. വിസ്തൃതി 500 ചതുരശ്ര അടിയിൽ കുറയരുതെന്ന് നിർദേശം ഉണ്ടായിരുന്നുവെങ്കിലും പലയിടത്തും ഇതിലും കൂടുതൽ വിസ്തീർണമുള്ള വീടുകളാണ് നിർമിച്ചു നൽകിയത്. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന രീതിയിലാണ് വീടുകളുടെ രൂപകൽപന. വീടിന്റെ ഉറപ്പ്, പരിസ്ഥിതി ഉയർത്തുന്ന വെല്ലുവിളികളെ നേരിടാനുള്ള അനുയോജ്യത തുടങ്ങിയവ ഉറപ്പാക്കിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി രജിസ്ട്രാറും, കെയർഹോം നോഡൽ ഓഫീസറുമായ എം.ജി പ്രമീള പറഞ്ഞു. 600 ചതുരശ്ര അടി വിസ്തൃതിയുള്ള പുതിയ വീട്ടിൽ മകനും, ഭാര്യയും, രണ്ട് മക്കളുമടങ്ങുന്നതാണ് സുമതിയമ്മയുടെ കുടുംബം. അടുക്കള, രണ്ടു മുറി, ഹാൾ, ശുചിമുറി തുടങ്ങിയവയാണ് പുതിയ വീട്ടിലെ സൗകര്യങ്ങൾ. 2018 ഡിസംബറിൽ ആരംഭിച്ച വീടിന്റെ പണികൾ 2019 ഫെബ്രുവരിയോടെ പൂർത്തിയാക്കി. ജില്ലയിൽ കെയർഹോം പദ്ധതിയിലൂടെ ആദ്യം പൂർത്തിയാക്കിയ വീടുകളിൽ ഒരെണ്ണം സുമതിയമ്മയുടേതാണ്. വനംവകുപ്പ് മന്ത്രി കെ രാജുവിൽ നിന്നാണ് സുമതിയമ്മ വീടിന്റെ താക്കോൽ ഏറ്റുവാങ്ങിയത്. (പിഎൻപി 1521/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) അസാപിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഇൻഡസ്ട്രീസ് മീറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.
2) സർക്കാരിന്റെ കെയർഹോം പദ്ധതിയിലൂടെ ലഭിച്ച വീടിന് മുന്നിൽ സുമതിയമ്മ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**